## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1072** **30.11.2018-ൽ മറുപടിക്ക്**

## കടകളിലും മറ്റ് വ്യാപാരസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന സ്ത്രീ ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കടകളിലും മറ്റ് വ്യാപാരസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന സ്ത്രീ ജീവനക്കാർ തിരക്കില്ലാത്ത സമയത്തും ഇരിക്കാൻ അനുമതിയില്ലാത്തത് ഉൾപ്പെടെ അവരുടെ ദുരവസ്ഥ ഒഴിവാക്കാനായി സർക്കാർ സ്വീകരിച്ച ക്ഷേമ നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ; | (എ) കടകളിലും മറ്റ് വ്യാപാര സ്ഥാപനങ്ങളിലും സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി, 50/18 ഓർഡിനൻസ് ആയി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള തുടർനടപടികളും പരിശോധനകളും നടത്തുന്നതിന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും അവർ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) തൊഴിലാളിക്ഷേമം ഉന്നമിട്ട് സംസ്ഥാനത്താകമാനം സർക്കാർ നടത്തിവരുന്ന മറ്റു ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ ; | (ബി) കടകളിലും വ്യാപാര സ്ഥാപനങ്ങളിലും തൊഴിൽ ചെയ്യുന്ന അംഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് എല്ലാ തൊഴിലാളികളേയും ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിനും, ഇതിലൂടെ ക്ഷേമനിധിയിലെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിലുടമകളുടേയും, തൊഴിലാളി പ്രതിനിധികളുടേയും തൊഴിൽ വകുപ്പിലെ ലേബർ ഓഫീസർമാരുടെയും യോഗം ബോർഡ് ചെയർമാന്റേയും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടേയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| | ക്ഷേമനിധി അംഗങ്ങൾക്ക് വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, കുട്ടികൾക്ക് സ്കോളർഷിപ്പ് എന്നിവ നൽകിവരുന്നു. കൂടാതെ മരണാനന്തര ചെലവ്, മരണാനന്തര സഹായം എന്നിവയും ക്ഷേമനിധിയിൽ നിന്നും നൽകി വരുന്നു. |
| (സി) സ്ത്രീകൾ ജോലിയെടുക്കുന്ന സ്ഥാപനങ്ങളിൽ സർക്കാർ നിർദ്ദേശിച്ച പ്രസ്തുത ക്ഷേമപ്രവർത്തികളോടൊപ്പം നിർദ്ദേശിച്ച സുരക്ഷ മാനദണ്ഡങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ ; | (സി) സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്ക് ശേഷവും രാവിലെ 6.00 മണി വരെയും ഉള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതാണ്. അങ്ങനെ ജോലി ചെയ്യിക്കുന്ന പക്ഷം 5 ജീവനക്കാർ ഉള്ള ഗ്രൂപ്പായും അതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതും ജോലി സ്ഥലത്തു നിന്നും താമസസ്ഥലം വരെയുള്ള യാത്ര സൗകര്യവും സുരക്ഷയും തൊഴിലുടമ ഉറപ്പാക്കേണ്ടതുമാണ്. |
| (ഡി) വസ്ത്രശാലകൾ, ജ്വവലറികൾ, ഹോട്ടലുകൾ, മാളുകൾ, ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ തുടങ്ങിയവകളിലായി ഉദ്ദേശം എത്ര തൊഴിലാളികൾ പ്രവർത്തിക്കുന്നു; വ്യക്തമാക്കുമോ; | (ഡി) വസ്ത്രശാലകൾ, ജ്വവലറികൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ യഥാക്രമം ഏകദേശം 70,363, 22,920, 69,950 തൊഴിലാളികൾ ജോലി ചെയ്യുന്നു. മാളുകൾ, ഡിപ്പാർട്ടുമെന്റ് സ്റ്റോറുകൾ എന്നിവയുൾപ്പെടെയുള്ള കടകളിലും വാണിജ്യസ്ഥാപനങ്ങളിലുമായി ഉദ്ദേശം 13,40,290 തൊഴിലാളികളുണ്ട്. |
| (ഇ) ഇവർക്കിടയിൽ സർക്കാർ കൊണ്ടുവന്ന തൊഴിൽ നിയമ ഭേദഗതികൾ കർശനമായി നടപ്പാക്കുവാനും അത് പരിശോധിച്ച് കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പാക്കാനും എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ? | (ഇ) പുതിയ തൊഴിൽ നിയമ ഭേദഗതി പ്രകാരമുള്ള സ്ഥാപന പരിശോധനകൾ നടത്തുന്നതിനും തൊഴിൽ നിയമ ലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം സ്ഥാപന ഉടമകൾക്കെതിരെ നോട്ടീസ് നൽകി പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ.